# കൈപ്പുഴ നീര പാർലർ കരുനാഗപ്പള്ളിയിൽ

കൊച്ചി: കൈപ്പുഴ ബ്രാൻഡ് നീരയുടെ വിപണനത്തിനായി കരുനാഗപ്പള്ളി കെ. എസ്. ആർ. ടി. സി ബസ്സ്റ്റാന്റിൽ പ്രവർത്തനമാരംഭിച്ച കൈപ്പുഴ നീര പാർലറിന്റെ ഉദ്ഘാടനം സി. ദിവാകരൻ എം. എൽ. എ നിർവ്വഹിച്ചു. കളമശ്ശേരി എസ്. സി. എം. എസിന്റെ സാങ്കേതികവിദ്യയനുസരിച്ച് പുറത്തിറക്കുന്ന ബോട്ടിൽ ചെയ്ത നീരയും വെന്റിംഗ് മെഷീൻ വഴിയുള്ള നീരയും നീരയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ നീര ചക്കര, തേൻ, സ്ക്വാഷ്, വിവിധയിനം ജാമുകൾ തുടങ്ങിയവയും നീര പാർലറിൽ ലഭ്യമാണ്. യോഗത്തിൽ കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ അദ്ധ്യക്ഷത വഹിച്ചു.